**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4543** **19-07-2022 - ൽ മറുപടിയ്ക്ക്**

**തോക്ക് ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനായുള്ള തോക്ക് ലൈസൻസ് ലഭിക്കുന്നതിന് വടകര താലൂക്കിൽ നിന്നും ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (എ) | ജില്ലാ കളക്ടറിൽ നിന്നും തോക്ക് ലൈസൻസ് ലഭിക്കുന്നതിന് വനം വകുപ്പിന്റെ ശുപാർശക്കായി വടകര താലൂക്കിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ റെയിഞ്ച്ഓഫീസർ നൽകുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ജില്ലാ കളക്ടർക്ക് അഭിപ്രായം സഹിതം നൽകുകയാണ് സാധാരണനിലയിൽ ചെയ്യാറുള്ളത്. എന്നാൽ മലബാർ വൈൽഡ് ലൈഫ് സാങ്ചറിയുടെ 10 കി.മീ. ചുറ്റളവിൽ ഉൾപ്പെടുന്ന കുറ്റ്യാടി ഭാഗങ്ങളിൽ വരുന്ന അപേക്ഷകൾ<br>പരിശോധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കുകയും ആയവയിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അഭിപ്രായം രേഖപ്പെടുത്തി തുടർ നടപടികൾക്കായി ജില്ലാ കളക്ടർക്ക് നൽകുകയുമാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ